കൃഷിക്കാർക്ക് കൊടുത്തുകൂടെ ? ടാൻസാനിയായിൽനിന്നും ബ്രസീലിൽനിന്നും കശുവണ്ടി മാർക്കറ്റ് ചെയ്യുമ്പോൾ കൊടുക്കുന്ന വിലയും ഡ്യൂട്ടിയുമെല്ലാം കണക്കാക്കി ഉണ്ടാകുന്ന വിലയ്ക്ക് ഇവിടെനിന്ന് കശുവണ്ടി സംഭരിക്കാൻ തയ്യാറാക്കിയില്ലെങ്കിൽ കൃഷിക്കാരെ മുതലാളിമാർ ചൂഷണം ചെയ്യും. കൃഷിക്കാരെ മുതലാളിമാരുടെ ദയാദാക്ഷിണ്യത്തിന് എറിഞ്ഞുകൊടുക്കാതെ തോട്ടണ്ടി സംഭരണം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിൽ എല്ലാ വർഷവും കശുവണ്ടി സീസൺ ആരംഭിക്കുന്നത് ഫെബ്രുവരിയിലാണ്. ഈ വർഷം ഇതുവരെയായി വളരെക്കുറച്ച് കശുവണ്ടിമാത്രമേ മാർക്കറ്റിൽ എത്തിയിട്ടുള്ളൂ. മാർച്ച് ആദ്യ വാരത്തോടുകൂടി കൂടുതൽ തോട്ടണ്ടി എത്തുമെന്നു പ്രതീക്ഷിക്കുന്നു. സ്വകാര്യ വ്യവസായികൾ അഡ്വാൻസ് നൽകി ഏജന്റുമാരിൽനിന്നും തോട്ടണ്ടി നേരിട്ടു വാങ്ങുന്നതായി അറിയുന്നു. ഈ നടപടിക്രമം കോർപ്പറേഷന് സ്വീകരിക്കാൻ കഴിയുകയില്ല. കോർപ്പറേഷൻ കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽനിന്നും കശുവണ്ടി വാങ്ങുന്നതിനായി തലശ്ശേരി, ചോമ്പല എന്നിവിടങ്ങളിൽ രണ്ടു ഡിപ്പോകളാരംഭിച്ചിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽനിന്നും തോട്ടണ്ടി സംഭരിക്കാൻ മഞ്ചേരിയിലും, തൃശ്ശൂർ, എറണാകുളം ജില്ലകളിൽനിന്നും തോട്ടണ്ടി സംഭരിക്കാൻ ഇരിങ്ങാലക്കുടയിലും ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽനിന്നും തോട്ടണ്ടി സംഭരിക്കാൻ കായംകുളത്തും തിരുവനന്തപുരത്തു നിന്നും തോട്ടണ്ടി സംഭരിക്കാൻ കല്ലമ്പലത്തും കൊല്ലം ജില്ലയിൽനിന്നു കശുവണ്ടി സംഭരിക്കാൻ കൊട്ടിയത്തും, പുനലൂർ, കടയ്ക്കൽ, ഇളമുളംകര എന്നിവിടങ്ങളിലും ഇതിനകം ഡിപ്പോകൾ തുറന്നിട്ടുണ്ട്. ദിവസേന ആ ഡിപ്പോകളിൽ അതാതു ദിവസത്തെ മാർക്കറ്റുവില അനുസരിച്ചു ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിച്ച് തോട്ടണ്ടി സംഭരിക്കുന്നതാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ പരിപ്പിന്റെ വില വളരെയധികം ഇടിഞ്ഞ സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തെ കമ്പോളവിലയുമായി ബന്ധപ്പെടുത്തി ഒരു വില നിശ്ചയിക്കാൻ കഴിയുകയില്ല.

IV. റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി സമിതിയുടെ പതിനേഴാമത് റിപ്പോർട്ട്

ശ്രീ. കെ. സി. വേണുഗോപാൽ : സർ, പരിസ്ഥിതി കമ്മിറ്റിയുടെ 17-ാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനുവേണ്ടി ഞാൻ സമർപ്പിക്കുന്നു. [11 A.M.]

V. ധനകാര്യം

(1) 2000-2001 വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റ്

ധനകാര്യമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-2001 വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly